(സി) എല്ലാ പകർച്ചവ്യാധികളും പ്രത്യേകിച്ച് ഡെങ്കിപ്പനി ഉണ്ടാകുന്നത് ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും ലക്ഷ്യമാക്കിയുള്ള ശാസ്ത്രീയമായ കർമ്മ പരിപാടികൾ ആരോഗ്യവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഈ രോഗങ്ങൾക്കെതിരെ അതീവ ജാഗ്രത പുലർത്തുന്നതോടൊപ്പം മറ്റു വകുപ്പുകളുടെയും പൊതുജനങ്ങളുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പാക്കി നിയന്ത്രണ പരിപാടികൾ നടത്തുന്നുണ്ട്. ഡെങ്കിപ്പനിക്കെതിരെ ഒരു വാക്സിൻ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഈ പകർച്ചവ്യാധി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുവാൻ ബുദ്ധിമുട്ടാണ്. നിയന്ത്രണ പരിപാടികൾ കൈക്കൊള്ളുക മാത്രമേ നിർവ്വാഹമുള്ളൂ. രോഗവ്യാപനം തടയുവാനും രോഗ ബാധിതരെ ചികിത്സിച്ച് സുഖപ്പെടുത്തുവാനും ഉള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തുവരുന്നു.

ശാസ്ത്രീയ പിൻബലമില്ലാത്ത ആരോഗ്യ സംരക്ഷണ വസ്തുക്കളുടെയും രോഗശമന ഉൽപ്പന്നങ്ങളുടെയും വിപണനം തടയുന്നതിന് നടപടി

*13 [163] ഡോ. തോമസ് ഐസക്:
ശ്രീ. മഞ്ഞളാംകുഴി അലി:
„ ടി. പി. രാമകൃഷ്ണൻ:
ശ്രീമതി പി. കെ. ശ്രീമതിടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയ പിൻബലമേതുമില്ലാത്ത ആരോഗ്യ സംരക്ഷണ വസ്തുക്കളും രോഗശമന ഉൽപ്പന്നങ്ങളും സംസ്ഥാനത്ത് വൻതോതിൽ വിറ്റഴിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇത്തരം ഉൽപ്പന്നങ്ങളുടെ വിപണനം തടയുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ആരോഗ്യ സംരക്ഷണത്തിന്റെ പേരിൽ ജനങ്ങളെ ചൂഷണം ചെയ്യുന്ന ഇത്തരം ഉൽപ്പന്നങ്ങളുടെ വിപണനം തടയുന്നതിനും അനധികൃതമായി ഗോഡൗണുകളിൽ സൂക്ഷിക്കുന്ന ഉൽപ്പന്നങ്ങൾ കണ്ടുകെട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഇത്തരം ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് വിൽപ്പനക്കെത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ചെന്നൈയിലുള്ള കോണിബയോ ഹെൽത്ത് കെയർ എന്ന സ്ഥാപനം ഇത്തരം ഉൽപ്പന്നങ്ങൾ ഈ സംസ്ഥാനത്ത് വിൽപ്പന നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) ആരോഗ്യ സംരക്ഷണത്തിന്റെ പേരിൽ 'കോണിബയോ' ബ്രാന്റിലുള്ള വിവിധ ഉൽപ്പന്നങ്ങൾ നെറ്റ്‌വർക്ക് മാർക്കറ്റിംഗ് വഴി സംസ്ഥാനത്ത് വിൽപ്പന നടത്തുന്നുണ്ട്. ഇവയുടെ ലേബലിൽ ഔഷധമായി ഉപയോഗിക്കാമെന്ന അവകാശവാദമൊന്നുമില്ല എന്നതിനാൽ ഇവ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിന്റെ പരിധിയിൽ വരുന്നില്ല. ഇവ ആരോഗ്യത്തിന് ഹാനികരമാണ് എന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ഒന്നും ലഭ്യമല്ല. ഇവയെക്കുറിച്ച് പഠനം നടത്താനും റിപ്പോർട്ട് സമർപ്പിക്കുവാനും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറോട് ആവശ്യപ്പെടുന്നുണ്ട്.

വീടുകളിൽ മഴവെള്ളം സംഭരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ പദ്ധതി

*14 [164] ശ്രീ. എൻ. രാജൻ:
,, ബിനോയ് വിശ്വം:
,, എം. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങളിലും മഴ വെള്ളം സംഭരിക്കുവാൻ സംവിധാനം ഏർപ്പെടുത്തണമെന്ന നിബന്ധന നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഈ നിബന്ധനയുടെ ഉദ്ദേശങ്ങൾ എന്തെല്ലാം; ഇത് നടപ്പാക്കണമെന്ന് കേന്ദ്ര നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(സി) ഏതെങ്കിലും വിഭാഗം വീടുകളെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം തരത്തിലുള്ള വീടുകളാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഏതെങ്കിലും തരത്തിലുള്ള വീടുകളിൽ മഴവെള്ളം സംഭരിക്കുന്നതിനുള്ള സംവിധാനം സൗജന്യമായി ഏർപ്പെടുത്തിക്കൊടുക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഉണ്ട്.

(ബി) ഭൂജല സ്രോതസ്സുകളുടെ ലഭ്യത വർദ്ധിപ്പിക്കുക, ഭൂജലവിതാനം ഉയർത്താൻ സഹായിക്കുക, നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകാവുന്നതുമായ ജലദൗർലഭ്യത പരിഹരിക്കുക, ഗാർഹികവും ഗാർഹികേതരവുമായ ആവശ്യങ്ങൾക്ക് നിലവിലെ ശുദ്ധജലവിതരണ പദ്ധതികളിന്മേൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആശ്രയം കുറയ്ക്കുക, വരൾച്ച നേരിടുന്ന സമയങ്ങളിൽ ജലലഭ്യത വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാന ഉദ്ദേശങ്ങൾ. ഇത് നടപ്പാക്കാൻ കേന്ദ്ര നിർദ്ദേശം ഉണ്ടായിട്ടുണ്ട്.

(സി) 100 ചതുരശ്ര മീറ്ററിൽ കുറവ് മൊത്തം തറ വിസ്തീർണ്ണമുള്ള വീടുകൾ, 200 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള പ്ലോട്ടുകളിൽ നിർമ്മിക്കുന്ന വീടുകൾ, ഓല/പുല്ല് ഇവ മേഞ്ഞ കെട്ടിടങ്ങൾ എന്നിവയെ ഈ സംവിധാനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly